പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5162 — 27/07/2015 ൽ മറുപടിക്ക്

## കായികാദ്ധ്യാപക നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഡോ. കെ.ടി. ജലീൽ | ശ്രീ. പി.കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ടീച്ചേഴ്സ് ബാങ്ക്/ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് പൂളിംഗിന്റെ അടിസ്ഥാനത്തിൽ ഒരു കായികാദ്ധ്യാപകനെ ഒന്നിലധികം സ്കൂളുകളിൽ നിയമിക്കുവാൻ ഉത്തരവുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ), ബി), & സി) 01/10/2011 ലെ ജി.ഒ.(പി)199/2011/പൊവി. ഉത്തരവ് പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഒന്നിലധികം സ്കൂളുകളിൽ പൂൾ ചെയ്ത് നിയമിക്കാനും ഭാവിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നും ഉത്തരവായിരുന്നു. പിന്നീട് 2/5/2012 തീയതിയിലെ ജി.ഒ.(എം.എസ്) 139/12/പൊവി. ഉത്തരവ് പ്രകാരം 2011-12 വർഷം എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. 2012-13 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| ബി) എയ്ഡഡ് സ്കൂളുകളിൽ കായികാദ്ധ്യാപക നിയമനം നിരോധിച്ചു കൊണ്ടുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | |
| സി) എങ്കിൽ ഏത് വർഷം മുതലാണ് നിയമനം നിരോധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | |

(മറുപുറം)

(ഡി) ഭാഷാ അദ്ധ്യാപകരെ കായികാദ്ധ്യാപകരായി നിയമിക്കാനുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ഡി) & (ഇ) 2014-2015 വർഷത്തെ തസ്തിക നിർണ്ണയം മൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കും പ്രകാരം എസ്.എസ്.എ. വഴി പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഇതിലേക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ